(എ) സംസ്ഥാനത്ത് വോട്ടർ പട്ടിക തയ്യാറാക്കിയപ്പോൾ പുതിയ വോട്ടർമാരുടെ എണ്ണത്തിലുണ്ടായ വർദ്ധനയിൽ തെരഞ്ഞെടുപ്പ് കമ്മിഷൻ സംശയം പ്രകടിപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം ആദ്യം തയ്യാറാക്കിയ പട്ടികയിൽ മാറ്റം വരുത്തുകയുണ്ടായോ;

(ബി) ഈ കാര്യം സംബന്ധിച്ച് വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) പുതുക്കിയ വോട്ടർ പട്ടിക എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് നിലവിലുള്ള വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ അവ സൂക്ഷ്മ പരിശോധന നടത്തിയിട്ടേ പുതുക്കിയ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്താവൂ എന്ന് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് വോട്ടർ പട്ടിക തയ്യാറായി വരുന്നതേയുള്ളൂ.

(സി) പുതുക്കിയ വോട്ടർപട്ടിക 21.7.1999ന് പ്രസിദ്ധീകരിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

8 (2937)ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള ഫണ്ട് സ്വരൂപിക്കുന്നതു എങ്ങനെയാണ്;

(ബി) ഈ ഫണ്ടിൽ നിന്ന് ഏതൊക്കെ തരത്തിലുള്ള ദുരിതങ്ങൾക്കാണ് ധനസഹായം നൽകി വരുന്നത്;

(സി) ഈ ഫണ്ടിൽ ഇനി എന്തു തുക അവശേഷിക്കുന്നു;

(ഡി) രാഷ്ട്രീയ സംഘട്ടനത്തിനും വർഗ്ഗീയ സംഘട്ടനത്തിനും ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കാൻ പാടില്ലായെന്ന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ എങ്കിൽ അതു പാലിക്കപ്പെടുന്നുണ്ടോ;

(ഇ) നിർദ്ധനരായ രോഗികൾക്ക് ചികിത്സ സഹായത്തിനും കൂടി ഉദ്ദേശിച്ചിട്ടുള്ള ഈ ഫണ്ടിൽ നിന്നും രാഷ്ട്രീയ വർഗ്ഗീയ കലാപങ്ങൾക്ക് തുക അനുവദിക്കുവാൻ നിയമപരമായി വ്യവസ്ഥയുണ്ടോ;

(എഫ്)ഈ ഫണ്ടിൽ നിന്ന് ചികിത്സാ സഹായമായി അനുവദിക്കാവുന്ന പരമാവധി തുക എത്ര; അതിൽ കൂടുതൽ ആർക്കെങ്കിലും ഈ സർക്കാർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എത്ര തുക വീതം എന്താവശ്യത്തിനായി അനുവദിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ജി) 1998-ൽ മുഖ്യമന്ത്രി നടത്തിയ പൊതു അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ദുരിതാശ്വാസനിധിയിലേക്ക് ഓരോ ജില്ലയിൽ നിന്ന് എത്ര തുക ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ ഫണ്ടിൽ നിന്നും തുക അനുവദിച്ചു കൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും രോഗികൾക്ക് ധനസഹായം ലഭിക്കാത്തതിനു കാരണം എന്താണ്; ഉത്തരവായ കേസ്സുകളിൽ ഓരോ ജില്ലയിലും എന്തു തുക എത്ര ആളുകൾക്ക് ഇനിയും നൽകുവാനുണ്ട്?

ഉത്തരം

(എ) പൊതുജനങ്ങൾ സഹകരണ സ്ഥാപനങ്ങൾ, സംഘടനകൾ, ചാരിറ്റബിൾ എൻഡോവ്മെന്റ് സൊസൈറ്റികൾ മുതലായവർ നൽകുന്ന സംഭാവനകൾ സ്വീകരിച്ചാണ് ഫണ്ട് സ്വരൂപിക്കുന്നത്.

(ബി) വാർഷിക വരുമാനം 20,000/- രൂപയിൽ കവിയാത്തവരും രോഗം കൊണ്ടും ദാരിദ്ര്യം കൊണ്ടും ദുരിതമനുഭവിക്കുന്നവരുടെ ചികിത്സക്കായി പരമാവധി 5000/-(അയ്യായിരം രൂപ) വരെയും അപകട മരണം സംഭവിച്ച വ്യക്തിയുടെ ആശ്രിതർക്ക്-മുതിർന്നവർക്ക് 10000/- (പതിനായിരം രൂപ) യ) വരെയും പ്രായപൂർത്തിയാകാത്തവർക്ക് 4000 (നാലായിരം രൂപ) വരെയും വസ്തുവകകളുടെ നാശനഷ്ടത്തിന് പരമാവധി 2000(രണ്ടായിരം രൂപ)രൂപവരെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയെ സംബന്ധിക്കുന്ന നിയമാവലിയുടെ 12-ാം വകുപ്പിലെ കുറിപ്പുപ്രകാരം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും, അപകട മരണം സംഭവിക്കുന്ന വ്യക്തികളുടെ കുടുംബത്തിന് വർഗ്ഗീയ കലാപത്തിൽ നാശനഷ്ടങ്ങൾക്ക് ഇരയാകുന്നവർക്ക്, പോലീസ് വെടിവയ്പിൽ മരണമടയുന്നവരുടെ ആശ്രിതർക്ക്, ദാരിദ്ര്യം മൂലം ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ നൽകുന്നതിന് തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടി അനുവദിക്കാവുന്നതാണ്. മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് മന്ത്രിസഭയുടെ അനുമതിയോടു കൂടി മറ്റു പ്രധാന സംഭവങ്ങളിലെ ദുരിതാശ്വാസനിവാരണത്തിനു വേണ്ടിയും സഹായം അനുവദിക്കാം.

(സി) 28.06.99-ൽ ഈ ഫണ്ടിൽ 71,86,259 (എഴുപത്തി ഒന്നു ലക്ഷത്തി എൺപത്തിയാറായിരത്തി ഇരുന്നൂറ്റി അമ്പത്തി ഒമ്പത്) രൂപ അവശേഷിക്കുന്നു.

(ഡി) സർക്കാർ ഉത്തരവുകൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ ധനസഹായത്തിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 1993-ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) നിർദ്ധനരായ രോഗികൾ ഉൾപ്പെടെ വിവിധ രീതിയിലുള്ള അവശത അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിനാണ് ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുന്നത്.

(എഫ്) സാധാരണ രോഗങ്ങൾക്ക് 2000/- (രണ്ടായിരം രൂപ) രൂപവരെയും ക്യാൻസർ, ഹൃദ്രോഗം,വൃക്ക എന്നിവയ്ക്ക് പരമാവധി 5000/- (അയ്യായിരം രൂപ) രൂപവരെയും ധനസഹായം അനുവദിക്കുന്നുണ്ട്. കൂടുതൽ തുക ചികിത്സാ സഹായമായി അനുവദിച്ചത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(ജി) തിരുവനന്തപുരം - 6,000/-

കൊല്ലം - 4,01,386/-

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട	-	75,000/-
ആലപ്പുഴ	-	15,405/-
കോട്ടയം	-	7,12,395/-
ഇടുക്കി	-	1,25,305/-
എറണാകുളം	-	12,00,000/-
തൃശ്ശൂർ	-	5,37,590/-
പാലക്കാട്	-	75,440/-
മലപ്പുറം	-	1,96,127/-
വയനാട്	-	1,80,589/-
കോഴിക്കോട്	-	15,850/-
കണ്ണൂർ	-	5,33,444/-
കാസർകോഡ്	-	3,48,549/-
		44,23,080/-

(എച്ച്) ഫണ്ടിന്റെ അപര്യാപ്തതയാണ് കാലതാമസത്തിനു കാരണം. ഉത്തരവായ കേസ്സുകളിൽ ഓരോ ജില്ലയിലും എന്തു തുക എത്ര ആളുകൾക്ക് അനുവദിക്കാൻ ഉണ്ട് എന്നത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

ജില്ല		അനുവദിക്കാനുള്ള തുക	ആളുകളുടെ എണ്ണം
തിരുവനന്തപുരം	-	--	--
കൊല്ലം	-	5,27,700	370 പേർക്ക്
ആലപ്പുഴ	-	4,33,220	168 പേർക്ക്
പത്തനംതിട്ട	-	41,000	21 പേർക്ക്
കോട്ടയം	-	--	--
ഇടുക്കി	-	--	--
എറണാകുളം	-	20,000	20 പേർക്ക്
തൃശ്ശൂർ	-	3,96,100	220 പേർക്ക്
പാലക്കാട്	-	--	--
മലപ്പുറം	-	60,000	--
വയനാട്	-	3,00,000	178 പേർക്ക്
കോഴിക്കോട്	-	--	--
കണ്ണൂർ	-	1,00,500	51 പേർക്ക്
കാസർകോഡ്	-	4,82,500	274 പേർക്ക്
		23,61,020	

LIBRARY ARCHIVES Kerala Legislative Assembly

8. മായമില്ലാത്ത പെട്രോളിയം ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 9 പെട്രോൾ ബങ്കുകൾ, 4 എൽ.പി.ജി. കേന്ദ്രങ്ങൾ ഒരു മണ്ണെണ്ണ ഡിപ്പോ എന്നിവ കോർപ്പറേഷൻ നടത്തുന്നു.

9. 'ശബരി' എന്ന ട്രേഡ് നാമത്തിൽ തേയില, കാപ്പിപ്പൊടി, ഉപ്പു, വിവിധയിനം കറിപ്പൊടികൾ, അരി, ബാർസോപ്പ്, ഡിറ്റർജെന്റുകൾ, നോട്ടുബുക്കുകൾ എന്നിവ കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കുന്നു.

അനുബന്ധം - II

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (2937) ദയവായി കാണുക)

ജില്ല	തുക ലഭിച്ച വ്യക്തിയുടെ പേരും വിലാസവും	ലഭിച്ച തുക	തുക അനുവദിക്കാനുള്ള കാരണം
1. പാലക്കാട്	ശ്രീ. ബാലൻ കെ. നായർ, രാമൻ കണ്ടത്തു, വാടനാംകുറിശ്ശി, ഷൊർണ്ണൂർ	15,000	സ്വന്തം ചികിൽസക്ക്
,,	ശ്രീ. നടനം ഗോപാലകൃഷ്ണൻ, മാങ്കോട് പി.ഒ., പാലക്കാട്	10,000	,,
,,	ശ്രീ. എം.സി. കൃഷ്ണനുണ്ണി നായർ, 120/2, ഇൻഫന്ററി റോഡ്, ബാംഗ്ലൂർ	15,000	,,
2. ആലപ്പുഴ	1. ശ്രീ. പുതുപ്പള്ളി രാഘവൻ രാജ് വിലാസം ഗോവിന്ദമുട്ടം	10,000	,,
	2. ശ്രീ. എ.പി. ഗോപാലൻ, കെ.പി. എ.സി. നാടക ഗാന രചയിതാവ് കായംകുളം	10,000	,,
3. കാസർഗോഡ്	1. കുമാരി കസ്തൂരി കമ്മത്തു പുത്തൂർ, കാസർഗോഡ്	10,000	,,
	2. ശ്രീ. മധുസൂധനൻ, അടക്കത്തു സവിൽ ബിച്ചു	10,000	മകളുടെ ചികിൽസയ്ക്ക്
4. കോഴിക്കോട്	1. എം. കുട്ടിക്കൃഷ്ണൻ, തീക്കൊടി, കോഴിക്കോട്	25,000	സ്വന്തം ചികിൽസയ്ക്ക്
	2. ശ്രീമതി ആര്യാദേവി (പ്രേംജിയുടെ ഭാര്യ)	15,000	ഭർത്താവിന്റെ ചികിൽസയ്ക്ക്
5. തിരുവനന്തപുരം	1. ശ്രീമതി സുലോചനാ ദേവി (തിക്കുറിശ്ശിയുടെ ഭാര്യ)	25,000	,,

മറ്റു ജില്ലകളിൽ പ്രത്യേക കേസ്സായി 5000 (അയ്യായിരം) രൂപയിൽ കൂടുതൽ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly